# ദയാവധം: ഇന്ത്യൻ നിയമത്തിന്റെ കണ്ണിൽ

ഡോ. പി.എൻ. സുരേഷ്കുമാർ
പ്രൊഫസർ ഓഫ് സൈക്യാട്രി
കെ.എം.സി.ടി. മെഡിക്കൽ കോളേജ്
കോഴിക്കോട്

1973 നവംബർ 27ന് വൈകുന്നേരമാണത് സംഭവിച്ചത്. മുംബൈയിലെ കിങ്ങ് എഡ്വേർഡ് മെമ്മോറിയൽ ആശുപത്രിയിലെ സ്റ്റാഫ് നഴ്സായ മിസ് അരുണാ രാമചന്ദ്ര ഷാൻബൗഗിനെ അവിടുത്തെ ഒരു തൂപ്പുകാരൻ ചങ്ങലകൊണ്ട് കഴുത്തു ഞെരിച്ച് മത പ്രായയാക്കി ബലാത്സംഗം ചെയ്യാനുള്ള ശ്രമത്തിനിടയിൽ അരുണയ്ക്ക് ആർത്തവ സമയമാണെന്ന് മനസ്സിലാക്കിയ അയാൾ അവരെ ഗുദഭോഗത്തിനിരയാക്കുകയായിരുന്നു. തന്റെ ആവശ്യം നടക്കുന്നതിനായി മിസ് അരുണയെ നിശ്ചലയാക്കാനായിരുന്നു തൂപ്പു കാരന്റെ ചങ്ങലപ്രയോഗം. അടുത്ത ദിവസം രാവിലെ ആശുപത്രിയിലെ മറ്റൊരു തൂപ്പു കാരനാണ് രക്തത്തിൽ കുളിച്ച് അബോധാവസ്ഥയിൽ കിടക്കുന്ന അരുണയെ കണ്ടത്. പക്ഷേ അപ്പോഴേക്കും ചങ്ങലക്കുരുക്കിനാൽ തലച്ചോറിലേക്കുള്ള രക്തപ്രവാഹം പൂർണ്ണ മായും തടസ്സപ്പെട്ട് മിസ് അരുണയുടെ തലച്ചോറിലെ കോശങ്ങൾ പൂർണ്ണമായും നശിച്ചി രുന്നു.

അരുണയ്ക്കിപ്പോൾ 61 വയസ്സായിരിക്കുന്നു. അരുണയ്ക്ക് ഇപ്പോൾ ഭാരം വളരെ കുറവാണ്. കുറച്ച് ശക്തിയോടെ പിടിച്ചുപോയാൽ അവളുടെ എല്ലുകൾ നുറുങ്ങും. ഒരു അസ്ഥികൂടത്തിൽമേൽ തേച്ചുപിടിപ്പിച്ച പേപ്പർ പൾപ്പുപോലെയാണ് ഇന്ന് അവളുടെ തൊലി. എല്ലായ്പോഴും കിടക്കയിൽതന്നെ കഴിയുന്നതുകാരണം അവളുടെ ദേഹമാസ കലം പൊട്ടിയൊലിച്ചിരിക്കുന്നു. അവളുടെ കൈപ്പത്തികൾ ഉള്ളിലേക്ക് വളഞ്ഞിട്ടുണ്ട്. പല്ലുകളും പൂർണ്ണമായി നശിച്ചുപോയി. വെറും വെള്ളംപോലെ കഞ്ഞിപോലുള്ള ആഹാ രസാധനങ്ങൾകൊണ്ടാണ് അവളിന്ന് ജീവിച്ചുപോരുന്നത്. മസ്തിഷ്ക്കമരണം സംഭവിച്ച് പെർമനന്റ് വെജറ്റേറ്റീവ് അവസ്ഥയിലായ അരുണയ്ക്ക് കാണാനോ കേൾക്കാനോ ആശ യവിനിമയം നടത്താനോ കഴിയില്ല. ഭക്ഷണസാധനങ്ങൾ വായിൽ വച്ചുകൊടു ത്താൽപോലും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലാണ് അവളിന്ന്. കിടക്കയിൽത ന്നെയാണ് മലമൂത്ര വിസർജ്ജനം. യഥാർത്ഥത്തിൽ 'മരിച്ച' അരുണയുടെ ജീവൻ നില നിർത്തുന്നത് അവർക്കു നൽകുന്ന ഭക്ഷണം മാത്രമാണ്. മുംബൈയിലെ കെഇഎം ആശു പത്രിക്കിടക്കയിൽ കഴിഞ്ഞ 37 വർഷങ്ങളായി യാതൊരു മാറ്റവുമില്ലാതെ കിടപ്പാണ് അരുണ. അരുണയുടെ ദുരവസ്ഥ കണ്ട് മനസ്സ് മടുത്ത് മുംബയിലെ സാമൂഹ്യപ്രവർത്ത കയും സുഹൃത്തുമായ മിസ്സ് പിങ്കി പിരാനി അരുണയ്ക്ക് നൽകിവരുന്ന ഭക്ഷണം നിർത്തി ക്കൊണ്ട് അവരെ മരിക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതിയിൽ ഒരു ഹരജി നൽകി. തുടർന്ന് അരുണയുടെ യഥാർത്ഥ അവസ്ഥയെക്കുറിച്ച് റിപ്പോർട്ട് നൽകാൻ സുപ്രീംകോടതി ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചു. എന്നാൽ അരുണയുടെ ശാരീരിക പ്രവർത്തനങ്ങളെല്ലാം ശരിയായ രീതിയിൽ നടക്കുന്നുണ്ടെന്നായിരുന്നു കമ്മിറ്റിയുടെ കണ്ടെത്തൽ. കമ്മിറ്റിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അരുണയ്ക്ക് ആ അവ

സ്ഥയിൽ ജീവിതം തുടരാൻ അവകാശമുണ്ടെന്നും ഭക്ഷണം നൽകുന്നത് നിർത്തി അവരെ മരണത്തിലേക്ക് തള്ളിവിടുന്നത് തികച്ചും ക്രൂരവും മനുഷ്യത്വരഹിതവുമായ നടപടിയായിരിക്കുമെന്നും കോടതി വിലയിരുത്തി. അരുണയുടെ ഇന്നത്തെ അവസ്ഥ പരിഹരിക്കാൻ യോഗ്യമായ ചികിത്സാമാർഗ്ഗങ്ങൾ ഭാവിയിൽ കണ്ടെത്തിയേക്കാമെന്നും കോടതി അഭിപ്രായപ്പെട്ടു.

ഒരു രോഗിയെ മരണത്തിലേക്കു നയിക്കുന്ന ബോധപൂർവ്വമായ പ്രവർത്തിയാണ് ദയാവധം (Euthanesia). ദയാവധത്തെ ആക്ടീവെന്നും പാസ്സീവെന്നും രണ്ടായി തിരിക്കാം. അർബുദം പോലുള്ള രോഗങ്ങളാൽ കടുത്ത വേദനയനുഭവിക്കുന്ന രോഗികളെ വിഷാംശമടങ്ങിയ മരുന്നുകളും മറ്റും കുത്തിവെച്ച് ദയാവധത്തിനു വിധേയമാക്കുന്ന രീതിയാണ് ആക്ടീവ് യൂത്തനേഷ്യയുടേത്. എന്നാൽ മരുന്നുകളും മറ്റു ജീവൻ രക്ഷാമാർഗ്ഗങ്ങളും ഒഴിവാക്കി മരണത്തിന് വിട്ടുകൊടുത്തുകൊണ്ട് രോഗികളെ ദയാവധത്തിനു വിധേയമാക്കുന്ന രീതിയാണ് രണ്ടാമത്തേത്.

പാസ്സീവ് യൂത്തനേഷ്യയിൽ ഡോക്ടർമാർ ആരെയും നേരിട്ട് ദയാവധത്തിനു വിധേയമാക്കുന്നില്ല. എന്നാൽ ആക്ടീവ് യൂത്തനേഷ്യയിൽ കുത്തിവെപ്പുകളും മറ്റും നൽകി രോഗികളെ നേരിട്ട് ദയാവധത്തിനു വിധേയമാക്കുന്നുവെന്നതാണ് അവ തമ്മിലുള്ള പ്രധാന വ്യത്യാസം. നിയമങ്ങൾ തടസ്സം നിൽക്കുന്നതിനാൽ ആക്ടീവ് യൂത്തനേഷ്യ ലോകവ്യാപകമായി നിയമവിരുദ്ധവും പാസ്സീവ് യൂത്തനേഷ്യ ചില നിബന്ധനകൾക്ക് വിധേയമായി ലോകവ്യാപകമായി നിയമവിധേയവുമാണ്. ബോധപൂർവ്വമായ നരഹത്യയെക്കുറിച്ച് പരാമർശിക്കുന്ന ഇന്ത്യൻ നിയമത്തിലെ ഐ.പി.സി.സെക്ഷൻ 302, സെക്ഷൻ ബൈപിസി 304 എന്നിവയിലുൾപ്പെടുത്തി കേസെടുക്കാവുന്ന നിയമവിരുദ്ധമായ പ്രവർത്തിയാണ് ആക്ടീവ് യൂത്തനേഷ്യ.

യൂത്തനേഷ്യയെ വളന്ററി (voluntary) യെന്നും നോൺ-വളന്ററി (non-voluntary) യെന്നും രണ്ടായി തിരിച്ചിട്ടുണ്ട്. രോഗികളുടെ അനുവാദം തേടിക്കൊണ്ടുള്ള ദയാവധമാണ് വളന്ററി യൂത്തനേഷ്യ. വളന്ററി യൂത്തനേഷ്യയിൽ സങ്കീർണാവസ്ഥയിലുള്ള ഒരു രോഗി സ്വന്തം ഇഷ്ടപ്രകാരം മരിക്കാൻ തയ്യാറാവുകയാണ്. ഒരു രോഗി സ്വന്തം ഇഷ്ടപ്രകാരം മരുന്നുകളെയും മറ്റു ജീവൻ രക്ഷാ ഉപകരണങ്ങളെയും തിരസ്കരിച്ച് മരണം സ്വീകരിക്കുന്നത് ഇന്ത്യൻ നിയമപ്രകാരം കുറ്റകൃത്യമല്ല. എന്നാൽ നോൺ-വളന്ററി യൂത്തനേഷ്യക്ക് അബോധാവസ്ഥയിൽ കഴിയുന്ന രോഗികളിൽനിന്നും അനുമതി ലഭിക്കുന്നത് പ്രയാസമായിരിക്കും. അതിനാൽ വളന്ററി യൂത്തനേഷ്യ നിയമവിധേയവും നോൺ-വളന്ററി യൂത്തനേഷ്യ നിയമക്കുരുക്കുകളാൽ സങ്കീർണവുമാണ്.

**ഡോക്ടറുടെ സഹായത്തോടെയുള്ള ആത്മഹത്യ**

ഡോക്ടറുടെ സഹായത്തോടെയുള്ള ആത്മഹത്യ ഇന്ത്യൻ നിയമത്തിലെ സെക്ഷൻ ഐപിസി സെക്ഷൻ 306 പ്രകാരം ആത്മഹത്യാപ്രേരണാക്കുറ്റമാണ്. ദയാവധത്തിൽ വിഷാംശമടങ്ങിയ മരുന്നുകൾ കുത്തിവെച്ച് രോഗികളെ മരണത്തിനു വിധേയമാക്കുന്നത് ഡോക്ടറോ മറ്റാരെങ്കിലുമോ ആയിരിക്കും. എന്നാൽ ഡോക്ടറുടെ സഹായത്തോടയുള്ള ആത്മഹത്യയിൽ ഡോക്ടറുടെ ഉപദേശപ്രകാരം രോഗി സ്വയംതന്നെ വിഷമരുന്നുകൾ കുത്തിവെച്ച് മരണം വരിക്കുകയാണ് ചെയ്യുന്നത്. ഒട്ടേറെ രാജ്യങ്ങളിൽ ആദ്യത്തെ രീതി നിയമവിരുദ്ധവും രണ്ടാമത്തേത് നിയമവിധേയവുമാണ്.

എന്നാൽ ഇന്ത്യയിൽ മേൽപ്പറഞ്ഞ രണ്ടു രീതികളും നിയമവിരുദ്ധമാണ്. മാത്രമല്ല, രക്ഷപ്പെടില്ലെന്ന് ഉറപ്പായ ഒരു രോഗിയുടെ ജീവൻരക്ഷാ ഉപകരണങ്ങളും മരുന്നുകളും നിർത്തിവയ്ക്കണമോ വേണ്ടയോ എന്നത് തീരുമാനിക്കേണ്ടത് ആരാണെന്നതിനെക്കു

റിച്ച് ഇന്ത്യൻ നിയമം വിശദീകരിക്കുന്നുമില്ല. ഇന്ത്യയിൽ ഇത്തരം രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ പ്രശ്നം അടിയന്തരചർച്ചക്ക് വിധേയമാക്കേണ്ടതാണ്. ബൽജിയം, ലക്സംബർഗ്, നെതർലാന്റ്സ്, സ്വിറ്റ്സർലന്റ്, യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് ഒറിഗോൺ, വാഷിംഗ്ടൺ എന്നീ പ്രദേശങ്ങളിൽ ചില പ്രത്യേക നിബന്ധനകളോടെ യൂത്തനേഷ്യ നിയമപരമായി അംഗീകരിച്ചിട്ടുണ്ട്.

**പെർമനന്റ് വെജറ്റേറ്റീവ് സ്റ്റേജിലായ രോഗിയുടെ ജീവൻ രക്ഷാമാർഗ്ഗങ്ങൾ നിർത്തിവയ്ക്കൽ**

പെർമനന്റ് വെജറ്റേറ്റീവ് സ്റ്റേറ്റിലോ പൂർണമായ അബോധാവസ്ഥയിലോ ആയ ഒരു രോഗിയുടെ ജീവൻരക്ഷാമാർഗ്ഗങ്ങൾ നിർത്തിവയ്ക്കുന്നതിന് ഇന്ത്യൻ നിയമത്തിൽ വ്യവസ്ഥയില്ല. അതേസമയംതന്നെ വളന്ററി പാസ്സീവ് യൂത്തനേഷ്യ ചില സാഹചര്യങ്ങളിലെങ്കിലും അനുവദിക്കണമെന്ന കാര്യത്തിൽ ഇന്ത്യൻ സുപ്രീംകോടതിക്കും വിരുദ്ധാഭിപ്രായമില്ല.. ഈ വിഷയത്തിൽ സുപ്രീംകോടതി ഒരു നിയമവും പാസാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ നമ്മുടെ പാർലമെന്റ് പ്രത്യേക ഒരു നിയമം പാസാക്കുന്നതുവരെ നിലനിൽക്കുന്നതാണ് ഈ നിയമം. നിയമത്തിലെ വ്യവസ്ഥകൾ താഴെ പറയുംപ്രകാരമാണ്:

1. ഒരു രോഗിയുടെ ജീവൻരക്ഷാമാർഗ്ഗങ്ങൾ ഉപേക്ഷിക്കുവാനുള്ള തീരുമാനമെടുക്കേണ്ടത് അയാളുടെ മാതാപിതാക്കളോ ജീവിതപങ്കാളിയോ അടുത്ത സുഹൃത്തുക്കളോ ആയിരിക്കണം. അവരുടെ അഭാവത്തിൽ ഏറ്റവും അടുത്ത സുഹൃത്തിനോ അല്ലെങ്കിൽ ഒരുകൂട്ടം സുഹൃത്തുക്കൾക്കോ തീരുമാനമെടുക്കാം. രോഗിയെ പരിചരിക്കുന്ന ഡോക്ടർമാർക്കും ഇക്കാര്യം തീരുമാനിക്കാവുന്നതാണ്.

2. അനുകൂലമായ തീരുമാനമെടുക്കുന്നതിന് സ്ഥലത്തെ ഹൈക്കോടതിയുടെ അനുമതി വേണം. "പാരെൻസ് പാട്രിയെ" (Parens Patriae) എന്ന സുപ്രസിദ്ധമായ നിയമസിദ്ധാന്തത്തെ അടിസ്ഥാനമാക്കിയാകണം ഈ തീരുമാനം.

**ജീവൻരക്ഷാ മാർഗ്ഗങ്ങൾ നിർത്താനുള്ള നിയമങ്ങൾ**

ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 226 പ്രകാരം ഹൈക്കോടതികൾക്ക് ജീവിക്കാനുള്ള സാധ്യത നഷ്ടപ്പെട്ട ഒരു രോഗിയുടെ ജീവൻരക്ഷാ മാർഗ്ഗങ്ങൾ നിർത്താനുള്ള അനുമതി നൽകാം. അടുത്ത ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും അപേക്ഷ പരിഗണിച്ച് ആർട്ടിക്കിൾ 226 പ്രകാരം ഹൈക്കോടതികൾക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

**ദയാവധാനുമതിക്കു പിന്നിലെ നടപടിക്രമങ്ങൾ**

ദയാവധഹർജി പരിഗണിക്കാൻ ഹൈക്കോടതി ചീഫ് ജസ്റ്റീസ് ചുരുങ്ങിയത് രണ്ടു ജഡ്ജിമാരെങ്കിലും ഉൾപ്പെടുന്ന ഒരു ബഞ്ച് രൂപീകരിക്കേണ്ടതുണ്ട്. അവർതന്നെ നിയമിച്ച മൂന്ന് പ്രശസ്ത ഡോക്ടർമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയുടെ അഭിപ്രായം മാനിച്ചുകൊണ്ടായിരിക്കണം ബെഞ്ച് ദയാവധത്തിന് അനുമതി നൽകണമോ വേണ്ടയോ എന്നത് തീരുമാനിക്കുന്നത്. ഒരു ന്യൂറോളജിസ്റ്റും സൈക്യാട്രിസ്റ്റും ഫിസിഷ്യനും ഉൾപ്പെടുന്നതാകണം കമ്മിറ്റിയെന്നും വ്യവസ്ഥയുണ്ട്. ഇതിനായി എല്ലാ പട്ടണങ്ങളിലെയും വിദഗ്ധ ഡോക്ടർമാരുടെ പട്ടിക ഹൈക്കോടതികൾ തയ്യാറാക്കാറുണ്ട്. സംസ്ഥാനങ്ങളുമായും കേന്ദ്രഭരണപ്രദേശങ്ങളുമായും ചർച്ച ചെയ്താണ് ഡോക്ടർമാരെയും അവരുടെ ഫീസും കോടതി തീരുമാനിക്കുന്നത്.

കമ്മിറ്റിയംഗങ്ങളായ ഡോക്ടർമാർ രോഗിയെ വിശദമായി പരിശോധിച്ച് മെഡിക്കൽ രേഖകളുടെയും ആശുപത്രി ജീവനക്കാരുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ

റിപ്പോർട്ട് തയ്യാറാക്കി ഹൈക്കോടതിക്ക് സമർപ്പിക്കുന്നു. വിദഗ്ധ ഡോക്ടർമാരുടെ കമ്മിറ്റിയെ നിയമിക്കുന്നതിനൊപ്പംതന്നെ ഹൈക്കോടതി അക്കാര്യം രോഗിയുടെ ബന്ധുക്കളെ അറിയിക്കുന്നതും പതിവാണ്. പിന്നീട് കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ തന്നെ അതിന്റെ കോപ്പിയും കോടതി രോഗിയുടെ ബന്ധുക്കൾക്ക് നൽകുന്നു. ഒടുവിൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, രോഗിയുടെ ബന്ധുക്കളുടെ അഭിപ്രായം കണക്കിലെടുത്തായിരിക്കും കോടതിയുടെ അന്തിമവിധി. ഈ വിഷയത്തിൽ കാലതാമസം ഉണ്ടാകുന്നത് രോഗിയുടെ ബന്ധുക്കളെയും സുഹൃത്തുക്കളെയും മാനസികമായി തളർത്തുമെന്നതിനാൽ ഹൈക്കോടതിയുടെ തീരുമാനം വളരെ പെട്ടെന്ന്തന്നെ ഉണ്ടാവേണ്ടതുണ്ട്. രോഗിയുടെ അടുത്ത ബന്ധുക്കളുടെയും ഡോക്ടർമാരുടെയും വിദഗ്ധ കമ്മിറ്റിയുടെയും അഭിപ്രായങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടാവണം ഇക്കാര്യത്തിൽ കോടതിയുടെ അന്തിമവിധി.

മിസ് അരുണയുടെ മാതാപിതാക്കളിൽ ആരുംതന്നെ ഇന്ന് ജീവിച്ചിരിപ്പില്ല. അടുത്ത ബന്ധുക്കൾക്കാകട്ടെ മൃതപ്രായയായി കിടക്കുന്ന അവളുടെ കാര്യത്തിൽ ഒരു താല്പര്യവുമില്ല. കെഇഎം ആശുപത്രി ജീവനക്കാരാണ് അരുണയുടെ ജീവൻ വർഷങ്ങളായി പിടിച്ചുനിർത്തുന്നത്. അതിനാൽ മിസ് പിങ്കി പിരാനിയല്ല, മറിച്ച് ആശുപത്രി ജീവനക്കാരാണ് അരുണയുടെ ഏറ്റവും അടുത്ത സുഹൃത്തുക്കൾ എന്നായിരുന്നു സുപ്രീംകോടതിയുടെ വിലയിരുത്തൽ. അതിനാൽ ആശുപത്രി ജീവനക്കാർക്കാണ് ഇക്കാര്യത്തിൽ അന്തിമതീരുമാനമെടുക്കാൻ അവകാശമെന്നും സുപ്രീംകോടതി അഭിപ്രായപ്പെട്ടു. അത്ഭുതമെന്നു പറയട്ടെ, അരുണ ജീവിച്ചിരിക്കണമെന്നായിരുന്നു കെഇഎം ആശുപത്രി ജീവനക്കാരുടെ ആഗ്രഹം. ഭാവിയിൽ ആശുപത്രി ജീവനക്കാരുടെ മനസ്സ് മാറുകയാണെങ്കിൽ അവർക്ക് അരുണയുടെ ദയാവധത്തിനായി മുംബൈ ഹൈക്കോടതിയുടെ അനുമതി തേടാമെന്നും സുപ്രീംകോടതി നിർദ്ദേശിച്ചു.

***